**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1302** **30-06-2026-ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എസ്. അരുൺ കുമാർ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

**മറുപടി:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും താഴെപ്പറയുന്നു.

1. പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തി 07.02.2026 ന് പൂർത്തീകരിച്ചു.

2. താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തി 17.02.2026 ന് പൂർത്തീകരിച്ചു.

3. തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4656/2025-ജി4 പ്രകാരം എം.എൽ.എ. ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയും ഉൾപ്പടെ 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 43,98,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 34,66,817/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 25.09.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ക്രിക്കറ്റ് പിച്ച് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത ഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ടായിരുന്നു. ആയത് ബഹു. എം. എൽ. എ. യുമായി ചർച്ച ചെയ്യുകയും അതിർത്തി സംബന്ധിച്ച് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി 02.03.2026 ൽ സൈറ്റ്

കൈമാറി നല്കുകയും സൈറ്റ് ക്ലീയറൻസ് ചെയ്തുവെങ്കിലും, പ്രവൃത്തി ചെയ്യുന്നതിലേക്കായി നിരവധി തവണ കരാറുകാരന് കത്തുകൾ നല്കിയെങ്കിലും മറുപടിയൊന്നും കരാറുകാരന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. ആയതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.

4. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4658/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയും ഉൾപ്പടെ 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 68,25,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 56,64,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.

12.06.2026 ന് ബഹു. എം. എൽ. എയും, പഞ്ചായത്ത് അധികൃതരും, അമ്പല കമ്മിറ്റി അംഗങ്ങളും, സ്പോർട്സ് ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥരും ചേർന്ന യോഗത്തിൽ ഗ്രൗണ്ടിന്റെ അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്തു. ഗ്രൗണ്ടിന്റെ കിഴക്ക് ഭാഗത്ത് ഡ്രെയിനേജും, ഫെൻസിംഗും നിർമ്മിക്കണമെങ്കിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി ഇലക്ട്രിക് ലൈൻ കേബിൾ ആക്കുന്ന പ്രവൃത്തി കെ. എസ്. ഇ. ബി മുഖേന നടപ്പിലാക്കാമെന്ന് എം. എൽ. എ. അറിയിച്ചിട്ടുണ്ട്. 15.06.2026 ന് പ്രവൃത്തി ചെയ്യുന്നതിലേക്കായി കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ലഡ് ലൈറ്റ്, ഡ്രെയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4657/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയും ഉൾപ്പടെ 55.86 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025-ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയതിൻ പ്രകാരം 12.08.2025 തീയതിയിൽ 52,46,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, എന്ന കരാറുകാരനുമായി 44,04,004/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫുട്ബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ലഡ് ലൈറ്റ്, ഡ്രെയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

6. തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 30.12.2023 ലെ നം. ജി3-

8795/2023 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 11.01.2024 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 19.02.2024 തീയതിയിൽ 89,94,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി 09.03.2024 ഇ-ടെൻഡർ ക്ഷണിക്കുകയും എന്നാൽ ടി ഇ-ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 29.04.2024, 13.05.2024 എന്നീ തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചിരുന്നു. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024 കരാറിൽ ഏർപ്പെടുകയും ചെയ്തു.

കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024 ന് സ്ഥലം എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയതായി നിർദ്ദേശിച്ച സ്ഥലത്ത് ഗേറ്റ് സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതും, 10 ൽ അധികം മരങ്ങൾ മുറിച്ച് മാറ്റേണ്ടതുമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്കൂൾ അധികൃതരെ ഇക്കാര്യങ്ങൾ അറിയിക്കുകയും 27.11.2024 ൽ സ്കൂളിൽ നിന്നും പഞ്ചായത്തിലേയ്ക്കും, 06.01.2025 ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 30 ന് മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് മഴ കാരണം ഗ്രൗണ്ട് വർക്കുകൾ തടസ്സപ്പെടുകയും, മെയിൻ എൻട്രൻസ് സ്ഥാനം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുകയും ചെയ്തു. സ്ഥലം എം.എൽ.എ. സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഫെൻസിംഗും മറ്റു പ്രവൃത്തികൾ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തികൾ തടസ്സപ്പെട്ട നിലയിലാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ.യും സ്കൂൾ അധികൃതരും ക്ലബ്ബ് സ്റ്റാഫുകളും സംയുക്തമായി യോഗം ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. യോഗ തീരുമാനം ആയാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിവരം വ്യക്തമാക്കാമോ?

**മറുപടി:** ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും താഴെപ്പറയുന്നു.

1. പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പടനിലം നൂറനാട് ഗ്രാമ പഞ്ചായത്ത് കളിസ്ഥലം പ്രവൃത്തി 07.02.2026 ന് പൂർത്തീകരിച്ചു.

2. താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന താമരക്കുളം ഗ്രാമപഞ്ചായത്ത് പച്ചക്കാട് കളിസ്ഥലം പ്രവൃത്തി 17.02.2026 ന് പൂർത്തീകരിച്ചു.

3. തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന തെക്കേകര ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4656/2025-ജി4 പ്രകാരം എം.എൽ.എ. ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 23.40 ലക്ഷം രൂപയും ഉൾപ്പടെ 46.80 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നൽകുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 43,98,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 34,66,817/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 25.09.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ക്രിക്കറ്റ് പിച്ച് എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത ഗ്രൗണ്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് അതിർത്തി നിർണ്ണയിക്കേണ്ടതായിട്ടുണ്ടായിരുന്നു. ആയത് ബഹു. എം. എൽ. എ. യുമായി ചർച്ച ചെയ്യുകയും അതിർത്തി സംബന്ധിച്ച് തീരുമാനമായതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ചെയ്യുന്നതിലേക്കായി 02.03.2026 ൽ സൈറ്റ് കൈമാറി നല്കുകയും സൈറ്റ് ക്ലീയറൻസ് ചെയ്തുവെങ്കിലും, പ്രവൃത്തി ചെയ്യുന്നതിലേക്കായി നിരവധി തവണ കരാറുകാരന് കത്തുകൾ നല്കിയെങ്കിലും മറുപടിയൊന്നും കരാറുകാരന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ല. ആയതിനാൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.

4. വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന വള്ളിക്കുന്നം ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4658/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, മേൽ പ്രവൃത്തിയ്ക്ക് കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 36.33 ലക്ഷം രൂപയും ഉൾപ്പടെ 72.66 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 12.08.2025 തീയതിയിൽ 68,25,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, കായംകുളം എന്ന കരാറുകാരനുമായി 56,64,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു.

12.06.2026 ന് ബഹു. എം. എൽ. എയും, പഞ്ചായത്ത് അധികൃതരും, അമ്പല കമ്മിറ്റി അംഗങ്ങളും, സ്പോർട്സ് ഫൗണ്ടേഷനിലെ ഉദ്യോഗസ്ഥരും ചേർന്ന യോഗത്തിൽ ഗ്രൗണ്ടിന്റെ അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്തു. ഗ്രൗണ്ടിന്റെ കിഴക്ക് ഭാഗത്ത് ഡ്രെയിനേജും, ഫെൻസിംഗും നിർമ്മിക്കണമെങ്കിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റ് മാറ്റി ഇലക്ട്രിക് ലൈൻ കേബിൾ ആക്കുന്ന പ്രവൃത്തി കെ. എസ്. ഇ. ബി മുഖേന നടപ്പിലാക്കാമെന്ന് എം. എൽ. എ. അറിയിച്ചിട്ടുണ്ട്. 15.06.2026 ന് പ്രവൃത്തി ചെയ്യുന്നതിലേക്കായി കരാറുകാരന് സൈറ്റ് കൈമാറി നല്കുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, വോളീബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ലഡ് ലൈറ്റ്, ഡ്രെയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാരംഭ പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന പാലമേൽ ഗ്രാമപഞ്ചായത്ത് കളിസ്ഥലം പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടർ 26.07.2025 ലെ നം. എ.ഡി.എസ്./എ.എൽ.പി./4657/2025-ജി4 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും, കായിക

വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 27.93 ലക്ഷം രൂപയും ഉൾപ്പടെ 55.86 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 07.08.2025-ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയതിൻ പ്രകാരം 12.08.2025 തീയതിയിൽ 52,46,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി ഇ-ടെൻഡർ ക്ഷണിക്കുകയും, യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സുജിത് കുമാർ എസ്, എന്ന കരാറുകാരനുമായി 44,04,004/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 18.10.2025 ൽ കരാറിൽ ഏർപ്പെടുകയും ചെയ്തു. ഗ്രൗണ്ട് ഡെവലപ്മെന്റ്, ഫുട്ബോൾ കോർട്ട്, ഫെൻസിംഗ്, ഫ്ലഡ് ലൈറ്റ്, ഡ്രെയിനേജ് എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്യാൻ സാധിക്കാത്ത സാഹചര്യമാണ്. ഗ്രൗണ്ടിന്റെ അതിർത്തികൾ ഇതുവരെ പഞ്ചായത്ത് അളന്ന് തിട്ടപ്പെടുത്തി നൽകിയിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

6. തഴക്കര ഗ്രാമ പഞ്ചായത്ത് - ഇറവങ്കര സ്റ്റേഡിയം

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തഴക്കര ഗ്രാമപഞ്ചായത്ത് ഇറവങ്കര ഗ്രൗണ്ട് നവീകരണ പ്രവൃത്തിയ്ക്ക് ആലപ്പുഴ ജില്ലാ കളക്ടറിൽ നിന്നും 30.12.2023 ലെ നം. ജി3-8795/2023 പ്രകാരം എം.എൽ.എ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതിയും, കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട് വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പടെ 100 ലക്ഷം രൂപയുടെ സമഗ്രഭരണാനുമതി 11.01.2024 ന് കായിക യുവജനകാര്യ ഡയറക്ടർ നല്കുകയും ചെയ്തു. ആയത് പ്രകാരം 19.02.2024 തീയതിയിൽ 89,94,000/- രൂപയ്ക്ക് (18% ജി.എസ്.റ്റി ഉൾപ്പെടെ) സാങ്കേതികാനുമതി നൽകി 09.03.2024 ഇ-ടെൻഡർ ക്ഷണിക്കുകയും എന്നാൽ ടി ഇ-ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 29.04.2024, 13.05.2024 എന്നീ തീയതികളിൽ പുന:ദർഘാസുകൾ ക്ഷണിച്ചിരുന്നു. 13.05.2024 തീയതിയിൽ ലഭിച്ച ദർഘാസ് പ്രകാരം യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. എൻ. വിജയൻ എന്ന കരാറുകാരനുമായി 79,73,000/- രൂപയ്ക്ക് (ജി.എസ്.റ്റി ഒഴികെ) 02.08.2024 കരാറിൽ ഏർപ്പെടുകയും ചെയ്തു.

കരാറുകാരന് 12.08.2024 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. തുടർന്ന് സ്കൂളിന്റെ മെയിൻ ഗേറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്കൂൾ അധികൃതർക്ക് അഭിപ്രായ വ്യത്യാസമുണ്ടായ സാഹചര്യത്തിൽ 23.11.2024 ന് സ്ഥലം എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ ഒരു മീറ്റിംഗ് നടത്തുകയും ആയതിൽ മെയിൻ ഗേറ്റിന്റെ സ്ഥാനം മാറ്റി സ്ഥാപിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ പുതിയതായി നിർദ്ദേശിച്ച സ്ഥലത്ത് ഗേറ്റ് സ്ഥാപിക്കുമ്പോൾ ഇലക്ട്രിക് പോസ്റ്റ് മാറ്റേണ്ടതും, 10 ൽ അധികം മരങ്ങൾ മുറിച്ചു മാറ്റേണ്ടതുമുണ്ടെന്ന് കണ്ടെത്തിയതിനെ തുടർന്ന് സ്കൂൾ അധികൃതരെ ഇക്കാര്യങ്ങൾ അറിയിക്കുകയും 27.11.2024 ൽ സ്കൂളിൽ നിന്നും പഞ്ചായത്തിലേയ്ക്കും, 06.01.2025 ൽ ജില്ലാ പഞ്ചായത്തിലേയ്ക്കും കത്തുകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജൂൺ 30 ന് മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തുടർന്ന് മഴ കാരണം ഗ്രൗണ്ട് വർക്കുകൾ തടസ്സപ്പെടുകയും, മെയിൻ എൻട്രൻസ് സ്ഥാനം നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം നേരിടുകയും ചെയ്തു. സ്ഥലം എം.എൽ.എ. സൈറ്റ് സന്ദർശിക്കുകയും പ്രവൃത്തിയിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. നിലവിൽ 15% പ്രവൃത്തികൾ പൂർത്തീകരിച്ചു. സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഫെൻസിംഗും മറ്റു പ്രവൃത്തികൾ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തികൾ തടസ്സപ്പെട്ട നിലയിലാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ.യും സ്കൂൾ അധികൃതരും ക്ലബ്ബ് സ്റ്റാഫുകളും സംയുക്തമായി യോഗം ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. യോഗ തീരുമാനം ആയാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**